(എ) 1998-99-ൽ ഇതുവരെ എത്ര കച്ചവടസ്ഥാപനങ്ങൾ വില്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റെയ്ഡ് ചെയ്തതിനെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ സീൽ ചെയ്യുവാനുള്ള കാരണമെന്ത്;

(സി) സീൽ ചെയ്ത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ മൂന്ന് കച്ചവടസ്ഥാപനങ്ങൾ കടപരിശോധനയെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്. റെയ്ഡുകൾ നടത്തിയിട്ടില്ല.

(ബി) കടപരിശോധനയിൽ കടയുടമ സഹകരിക്കാതിരിക്കുകയും, പുറത്തുനിന്നുള്ള ആളുകളുടെ സഹായത്തോടെ കൈയേറ്റശ്രമത്തിന് മുതിരുകയും കച്ചവടസ്ഥാപനത്തിൽനിന്ന് ഇറങ്ങിപ്പോകുകയും ചെയ്ത സാഹചര്യത്തിൽ കടയുടേയും സാധനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പോലീസ് സഹായത്തോടെ കട സീൽ ചെയ്യുകയാണുണ്ടായത്.

(സി) സീൽ ചെയ്ത ആലപ്പുഴയിലെ ലക്ഷ്മി ജുവലറിയുമായി ബന്ധപ്പെട്ട ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

46 (1495) വില്പനനികുതി സംബന്ധമായ റെയ്ഡുകൾ

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 ൽ ഇതുവരെ വില്പന നികുതി സംബന്ധമായ എത്ര റെയ്ഡുകൾ നടത്തി;

(ബി) ഇത്തരം റെയ്ഡുകൾക്ക് എന്തെല്ലാം മുൻകരുതൽ സ്വീകരിക്കുന്നുണ്ട്;

(സി) ഈ റെയ്ഡുകളുടെ ഫലമായി വില്പനനികുതിയിൽ എന്തു വർദ്ധനവുണ്ടായി എന്നു അറിയിക്കുമോ?

ഉത്തരം

(എ) വില്പനനികുതി നിയമത്തിലെ 28(3) വകുപ്പുപ്രകാരം ഇന്റലിജൻസ് വിഭാഗം 1828 കടകൾ പരിശോധന നടത്തിയിട്ടുണ്ട്.

(ബി)&(സി) റെയ്ഡുകളല്ല പരിശോധനകളാണ് നടന്നത് നിയമാനുസൃതമായ കടപരിശോധനയ്ക്ക് മുൻകരുതൽ ആവശ്യമില്ല.

പരിശോധന നടത്തിയ കടകളുടെ കണക്കുകൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

47 (1496) ചെക്ക് പോസ്റ്റുകളിലെ അഴിമതി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ വില്പനനികുതി ചെക്ക് പോസ്റ്റുകളിലെ വ്യാപകമായ അഴിമതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിർത്തിപ്രദേശമായ അമരവിള ചെക്ക്പോസ്റ്റിലൂടെ അനധികൃത സ്പിരിറ്റ് കടത്തിനും വില്പനനികുതി വെട്ടിപ്പിനും കൂട്ടുനിൽക്കുന്ന വകുപ്പുദ്യോഗസ്ഥന്മാരുടെ ചെയ്തികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നികുതിചോർച്ച ഉണ്ടായിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

48 (1497) സർക്കാർ ഡ്രൈവർമാർക്ക് കേന്ദ്രപാരിറ്റി അനുവദിക്കുന്നതിനു നടപടി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡ്രൈവർമാർക്ക് കേന്ദ്രപാരിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനം നടപ്പിലാക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ 1.3.97 മുതൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ ഉത്തരവുമൂലം പ്യൂൺ മുതൽ ഉയർന്ന ശമ്പളമുള്ള മറ്റെല്ലാ വിഭാഗം ജീവനക്കാർക്കും 500 രൂപയിലധികം ശമ്പള വർദ്ധനവ് ഉണ്ടായപ്പോൾ സമയപരിധി ഇല്ലാതെ ജോലി നോക്കിവരുന്ന ഡ്രൈവർമാർക്ക് 300 രൂപയിൽ താഴെ മാത്രമേ വർദ്ധനവ് ഉണ്ടായിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അപാകതകൾ പരിഹരിക്കുവാൻ പുതിയ ശമ്പളപരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതുവരെ ഡ്രൈവർമാർക്കുനൽകിവന്ന് സ്പെഷ്യൽ പേ പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനോ കേന്ദ്ര സർക്കാർ ഡ്രൈവർമാർക്കും മിൽമയിലെയും മറ്റ് സ്ഥാപനങ്ങളിലെയും നൽകിവരുന്നതുപോലെ ഓവർടൈം നടപ്പിലാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡ്രൈവർ തസ്തികയുടെ സ്കെയിൽ ഉയർത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാന ഗവൺമെന്റു ജീവനക്കാരിൽ സ്പെഷ്യൽ പേ ലഭിക്കുന്ന വിവിധ വിഭാഗങ്ങളുണ്ട്. ശമ്പള പരിഷ്ക്കരണസമിതിയുടെ ശുപാർശ പ്രകാരം 1.3.97 മുതൽ സ്പെഷ്യൽ പേ സമ്പ്രദായം അവസാനിപ്പിച്ച് ഗവൺമെന്റ് ഉത്തരവായി. പകരം നിലവിൽ വന്ന സ്പെഷ്യൽ അലവൻസിന് ക്ഷാമബത്തയും മറ്റനുബന്ധ സാമ്പത്തികാനുകൂല്യങ്ങളും ലഭ്യമല്ല. ശമ്പള പരിഷ്കരണം മൂലം കൈവന്ന അധിക വർദ്ധനവ് കണക്കാക്കുമ്പോൾ ഡ്രൈവർ ഉൾപ്പെടെ മുമ്പ് സ്പെഷ്യൽപേ ലഭിച്ചുകൊണ്ടിരുന്ന ചില വിഭാഗങ്ങൾക്ക് അധിക വർദ്ധനവിൽ താരതമ്യേന കുറവുണ്ട്. ഓരോ ജീവനക്കാർക്കും ലഭിക്കുന്ന വർദ്ധനവ് ശമ്പള നിർണയ തത്വങ്ങളുടെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly